


# കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം

ഭവന നിർമ്മാണവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ് സംസ്ഥാന നിർമ്മിതി കേന്ദ്രം അഥവാ കെസ്നിക്ക്. ചെലവുകുറഞ്ഞതും പരിസ്ഥിതി സൗഹാർദ്ദവുമായ കെട്ടിടനിർമ്മാണ സാങ്കേതികവിദ്യയിൽ ഗവേഷണം നടത്തുകയും അത് പ്രചരിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെയാണ് KESNIK പ്രവർത്തിക്കുന്നത്.

കേരളത്തിൽ വിവിധ ജില്ലകളിലായി 14 റീജിയണൽ കേന്ദ്രങ്ങളും അതിനോടൊപ്പം നിർമ്മിതി ന്യായവില വിപണന കേന്ദ്രമായ കലവറകൾ, ബിൽഡിംഗ് മെറ്റീരിയൽസ് ക്വാളിറ്റി ടെസ്റ്റിംഗ് ലാബുകൾ, പ്രൊഡക്ഷൻ സെന്ററുകൾ, വിവിധ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ എന്നിവയ്ക്കു പുറമെ ലാറി ബേക്കർ ഇൻറർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് (ലാബിഷാസ്) എന്ന പഠനകേന്ദ്രവും പ്രവർത്തിക്കുന്നു.

ഭവന നിർമ്മാണ രംഗത്ത് നൂതനമായ ആശയങ്ങൾക്ക് രൂപം നൽകുക എന്നതോടൊപ്പം Cost Effective and Environment Friendly Technology (CEEF)- ഉപയോഗിച്ച് പരിസ്ഥിതി സൗഹൃദമായ നിർമ്മാണ പ്രവർത്തനങ്ങളും നടത്തിവരുന്ന സംസ്ഥാന നിർമ്മിതി കേന്ദ്രം, ഇന്ന് വളർച്ചയുടെ 34 വർഷം പിന്നിട്ടിരിക്കുകയാണ്.

**2022-23 സാമ്പത്തിക വർഷത്തെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി 1100 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും, വിവിധ പദ്ധതികൾ കെസ്നിക് ഇതിനോടകം ഫലപ്രദമായി നടപ്പാക്കിയിട്ടുമുണ്ട്. അതിൽ പ്രധാനപ്പെട്ട പദ്ധതികളാണ്** Mobile Testing Lab, Technology Innovation & Exhibition Centre, **കാട്ടാക്കട സ്വയം പര്യാപ്ത ഭവന സമുച്ചയം (രണ്ടാം ഘട്ടം), തൃശ്ശൂർ കലവറ & റീജിയണൽ ഓഫീസ്, ഫിനിഷിംഗ് സ്കൂൾ തുടങ്ങിയവ.**

- നിർമ്മാണ മേഖലയിലെ നൂതന സംരംഭങ്ങൾ പരിചയപ്പെടുത്തുന്നതിനും, വിവിധ ആശയങ്ങൾ പരിചയപ്പെടുത്തുന്നതിനുമായുള്ള Technology Innovation & Exhibition Centre (Carnival) പി.ടി.പി. നഗറിലെ കാമ്പസിൽ പൂർത്തീകരിക്കുകയുണ്ടായി.
- Quality construction എന്നത് വളരെകുറച്ച് മേഖലകളിൽ മാത്രമേ പൂർണ്ണമായും നടപ്പാക്കുന്നുള്ളൂ എന്നതു മനസ്സിലാക്കി ഒരു ചെറിയ വീടിന്റെ നിർമ്മാണം ആണെങ്കിൽ പോലും ഗുണനിലവാരം ഉറപ്പാക്കേണ്ടതുണ്ട് എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി Mobile Testing Lab എന്ന പദ്ധതി നടപ്പിലാക്കുകയുണ്ടായി.
- സംസ്ഥാനത്തെ ആദ്യത്തെ സ്വയം പര്യാപ്ത ഭവന സമുച്ചയം എന്ന ആശയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട പഞ്ചായത്തിൽ 4 കോടി രൂപ മുതൽ മുടക്കിൽ 28 യൂണിറ്റുകളുള്ള ഭവന സമുച്ചയം പൂർത്തിയാക്കുകയും പഞ്ചായത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്.
- എഞ്ചിനീയറിംഗ് ബിരുദധാരികളായ വിദ്യാർത്ഥികൾക്ക് നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട് നൈപുണ്യ വികസന പരിശീലനം ഉൾപ്പെടെയുള്ള സമഗ്രമായ ഒരു പഠന പദ്ധതിയായ ഫിനിഷിംഗ് സ്കൂൾ എന്ന സംരംഭം നിർമ്മാണ മേഖലയ്ക്കുമാത്രമായി ആരംഭിക്കുകയും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ നടന്നുവരുകയും ചെയ്യുന്നു.
- 2022-23 സാമ്പത്തികവർഷം നിർമ്മാണ മേഖലയിൽ 400 ൽപ്പരം യുവതീയുവാക്കൾക്ക് വിവിധ തൊഴിൽ പരിശീലനങ്ങൾ നൽകുകയും, അതുവഴി വിദഗ്ധ തൊഴിലാളികളെ സൃഷ്ടിക്കുന്നതിന് സാധിക്കുകയും ചെയ്തിട്ടുണ്ട്.
- തൃശ്ശൂർ ജില്ലയിൽ നിർമ്മാണ സാമഗ്രികളുടെ ന്യായവിലവിപണന കേന്ദ്രമായ കലവറയുടെ യൂണിറ്റ് ആരംഭിക്കുകയുണ്ടായി. അതോടൊപ്പം കെസ്നിക്കിന് സ്വന്തമായി ഓഫീസ് കെട്ടിടം എന്നതും സാക്ഷാത്കരിക്കുകയുണ്ടായി.

2022-23 സാമ്പത്തിക വർഷത്തിലും സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ 14 റീജിയണൽ സെന്ററുകളും ലാഭത്തിൽ പ്രവർത്തിക്കുകയും, കെസ്നിക് റെക്കോർഡ് ലാഭം കൈവരിക്കുകയും ചെയ്തിട്ടുണ്ട്.

**ഈ സാമ്പത്തിക വർഷത്തെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി 13 കോടി രൂപയുടെ ക്രിയാത്മകവും നൂതനവുമായ വിവിധ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. അവയിൽ പ്രധാനപ്പെട്ട പദ്ധതികൾ:**

- സാധാരണക്കാർക്കും, പൊതുജനങ്ങൾക്കും കെട്ടിടനിർമ്മാണത്തെപ്പറ്റിയുള്ള സംശയ നിവാരണത്തിനും, സാങ്കേതിക സഹായവും നൽകുക എന്ന ലക്ഷ്യത്തോടെ റീജിയണൽ സെന്ററുകളിൽ ഹൗസിംഗ് ഗൈഡൻസ് സെന്റർ ആരംഭിക്കുന്നതാണ്.
- നിർമ്മാണ മേഖലയിലെ ഏറ്റവും നൂതന സാങ്കേതിക വിദ്യയും, പൂർണ്ണമായും തദ്ദേശീയമായി വികസിപ്പിച്ചെടുത്തതുമായ 3D Printing Technology ഉപയോഗിച്ച് നിർമ്മിക്കുന്ന സംസ്ഥാനത്തെ ആദ്യത്തെ നിർമ്മാണ പ്രവർത്തനത്തിന് KESNIK ൽ തുടക്കം കുറിക്കുകയാണ്.
- വിവിധ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ചേർന്ന് നിർമ്മാണമേഖലയിൽ നൂതന ആശയങ്ങൾ ആവിഷ്കരിക്കുകയും, നടപ്പിലാക്കുകയും ചെയ്യുന്നതിനായി ഒട്ടനവധി Startup Unit കൾ നിലവിലുണ്ട് ഇവർ വികസിപ്പിച്ചെടുത്തിട്ടുള്ള സാങ്കേതിക വിദ്യകൾ പ്രചരിപ്പിക്കുന്നതിനും അതിന്റെ പ്രയോജനം സാധാരണക്കാരിൽ എത്തിയ്ക്കുന്നതിനുമായി അടിസ്ഥാന സൗകര്യങ്ങൾ നൽകുക എന്ന ലക്ഷ്യത്തോടെ കെസ്നിക്കിന്റെ കാമ്പസുകളിൽ Incubation Center കൾ ആരംഭിക്കുന്നതാണ്.
- കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ Central Housing Hub എന്ന ആശയം എറണാകുളം ജില്ലയിൽ ഈ വർഷം ആരംഭിക്കുന്നതാണ്. ഈ മേഖലയിലുള്ള സംരംഭകരുടെ ഉൽപ്പന്നങ്ങൾ പരിചയപ്പെടുത്തുന്നതിനുള്ള എക്സിബിഷൻ സെൻററുകൾ, മ്യൂസിയം, വിവിധ പരിശീലന പരിപാടികൾക്കായുള്ള വേദികൾ വിവിധ മാതൃകകൾ കണ്ടുമനസ്സിലാക്കുന്നതിനും അനുഭവിച്ചറിയുന്നതിനുമായി Vertual reality Studio, ഗുണനിലവാര പരിശോധനാശാലകൾ കൂടാതെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാ ഉൽപ്പന്നങ്ങളും ലഭ്യമാകുന്ന വിപണന കേന്ദ്രങ്ങൾ എന്നിവയാണ് ഇവിടെ സജ്ജമാക്കുന്നത്.
- തിരുവനന്തപുരം ജില്ലയിൽ തിരുവല്ലത്ത്, 20 കോടി രൂപ മുതൽമുടക്കിൽ, ഇന്ത്യയിലെ ആദ്യത്തെ National Housing Park ന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചു. വിവിധ സാങ്കേതിക വിദ്യകളിലും, സൗകര്യങ്ങളോടുംകൂടി നിർമ്മിച്ച ഭവനങ്ങളുടെ വ്യത്യസ്ത മോഡലുകൾ പ്രദർശിപ്പിക്കുന്ന ഹൗസിംഗ് പാർക്കിൽ School of Design, Project Management & Consultancy, Start up & Incubation, Housing തുടങ്ങിയ നൂതനവും വ്യത്യസ്തവുമായ പദ്ധതികൾക്ക് തുടക്കം കുറിക്കുന്നതാണ്.

കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട Centre of Excellence എന്ന നിലയിൽ നിർമ്മിതി കേന്ദ്രത്തിനെ മാറ്റിയെടുക്കുക എന്നതാണ് KESNIK ലക്ഷ്യമിടുന്നത്.

# Various Projects



Mobile Testing Lab



Technology Innovation &
Exhibition Centre



Kalavara, Regional Office,
KESNIK Thrissur



Raja Ravivarma Cultural Complex, Kilimanoor



Smart Village Office



Bekal Beach Art Wall



Botanical Garden, Munnar

KESNIK

**കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം**
നിർമ്മിതി ഹിൽസ്, പി ടി പി നഗർ,
തിരുവനന്തപുരം 695038 ഫോൺ : 0471 2360559
ഇമെയിൽ : kesnik.tech@gmail.com, nirmithiptp@gmail.com
www.nirmithi.kerala.gov.in